| | |
|---|---|
| 22. ചെയ്ത ഉപകാരം എടുത്ത് പറയരുത് | 2:264 |
| 23. വിശ്വസിച്ചേൽപിച്ച വസ്തുക്കൾ തിരിച്ചേൽപിക്കണം | 4:58 |
| 24. കരാർ ലംഘിക്കരുത് | 2:177 |
| 25. തിന്മയെ നന്മകൊണ്ട് പ്രതിരോധിക്കണം | 41:34 |
| 26. നന്മയിൽ പരസ്പരം സഹകരിക്കണം | 5:2 |
| 27. തിന്മയിൽ സഹകരിക്കരുത് | 5:2 |
| 28. നീതി പ്രവർത്തിക്കണം | 5:8 |
| 29. വിധി കൽപിക്കുമ്പോൾ നീതിയനുസരിച്ച് വിധിക്കണം | 4:58 |
| 30. ആരോടും അനീതി ചെയ്യരുത് | 5:8 |
| 31. അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുത് | 6:152 |
| 32. സത്യവും അസത്യവും കൂട്ടിക്കലർത്തരുത് | 2:42 |
| 33. വഞ്ചകർക്ക് കൂട്ടുനിൽക്കരുത് | 4:105 |
| 34. സത്യത്തിൽനിന്ന് വ്യതിചലിക്കരുത് | 4:135 |
| 35. പിശുക്ക് അരുത് | 4:37 |
| 36. അന്യന്റെ ധനം അന്യായമായി തിന്നരുത് | 4:29 |
| 37. അനാഥകളുടെ ധനം അപഹരിക്കരുത് | 4:10 |
| 38. ധനം ധൂർത്തടിക്കരുത് | 17:29 |
| 39. ലഹരി ഉപയോഗിക്കരുത് | 5:90 |
| 40. കൈക്കൂലി അരുത് | 2:188 |
| 41. പലിശ അരുത് | 2:275 |
| 42. വ്യഭിചാരത്തെ സമീപിക്കരുത് | 17:32 |
| 43. കൊലപാതകം അരുത് | 4:92 |
| 44. ചൂത് കളിക്കരുത് | 5:90 |
| 45. മറ്റുള്ളവർക്ക് പാഠമാകും വിധം കുറ്റവാളികളെ ശിക്ഷിക്കണം | 5:38 |
| 46. ഊഹങ്ങൾ അധികവും കളവാണ്; ഊഹങ്ങൾ വെടിയണം | 49:12 |
| 47. തിന്നുക, കുടിക്കു; അമിതമാകരുത് | 7:31 |
| 48. ശവം, രക്തം, പന്നിമാംസം എന്നിവ നിഷിദ്ധമാണ് | 5:3 |
| 49. ഭാഗ്യപരീക്ഷണങ്ങൾ അരുത് | 5:90 |
| 50. ഭൂമിയിൽ കുഴപ്പം ഉണ്ടാക്കരുത് | 2:60 |
| 51. മനുഷ്യർക്കിടയിൽ ഐക്യത്തിനു ശ്രമിക്കണം | 49:9 |
| 52. നിങ്ങൾ പരസ്പരം ഭിന്നിക്കരുത് | 3:103 |
| 53. ഉച്ചനീചത്വബോധം ഉണ്ടാകരുത് | 49:13 |
| 54. കാര്യങ്ങൾ പരസ്പരം കൂടിയാലോചിക്കണം | 42:38 |
| 55. ഇങ്ങോട്ട് യുദ്ധം ചെയ്താലല്ലാതെ യുദ്ധം അരുത് | 2:190 |
| 56. അഭയാർഥികളെ സഹായിക്കണം (സംരക്ഷിക്കണം) | 9:6 |
| 57. മറ്റുള്ളവരെ കണ്ണടച്ച് അനുകരിക്കരുത് | 2:170 |
| 58. പൗരോഹിത്യം പാടില്ല | 9:31 |
| 59. സന്യാസം അരുത് | 57:27 |
| 60. ശുദ്ധി (വൃത്തി) സൂക്ഷിക്കണം | 9:108 |
| 61. കോപം അടക്കി നിർത്തണം | 3:134 |
| 62. സമ്മതം കൂടാതെ അന്യരുടെ വീട്ടിൽ പ്രവേശിക്കരുത് | 24:27 |
| 63. രക്തബന്ധമുള്ളവർ തമ്മിൽ വിവാഹം അരുത് | 4:23 |
| 64. മാതാക്കൾ കുഞ്ഞുങ്ങൾക്ക് രണ്ടുവർഷം പൂർണ്ണമായി മുലയൂട്ടണം | 2:233 |
| 65. മാതാപിതാക്കൾക്ക് നന്മ ചെയ്യണം | 17:23 |
| 66. മാതാപിതാക്കളോട് മുഖം ചുളിച്ച് സംസാരിക്കരുത് | 17:23 |
| 67. മാതാപിതാക്കളുടെ സ്വകാര്യമുറിയിൽ അനുവാദമില്ലാതെ പ്രവേശിക്കരുത് | 24:58 |
| 68. കടം വാങ്ങുന്നതും കൊടുക്കുന്നതും എഴുതി വെക്കണം | 2:282 |
| 69. കടം വീട്ടുവാൻ ബുദ്ധിമുട്ടുന്നുവെങ്കിൽ വിഷമിപ്പിക്കരുത് | 2:280 |



Vol. 1.01

| | |
|---|---|
| 70. ഭൂരിപക്ഷം സത്യത്തിന്റെ മാനദണ്ഡമല്ല | 6:116 |
| 71. സ്ത്രീകൾ മാന്യമായി ഒതുക്കത്തോടെ കഴിയണം | 33:33 |
| 72. മരണപ്പെട്ടവന്റെ സ്വത്ത് കുടുംബാംഗങ്ങൾക്ക് അനന്തരം നൽകണം | 4:7 |
| 73. സ്ത്രീകൾക്കും സ്വത്തവകാശം ഉണ്ട് | 4:7 |
| 74. സ്ത്രീയായാലും പുരുഷനായാലും കർമങ്ങൾക്ക് തുല്യ പ്രതിഫലം ഉണ്ട് | 3:195 |
| 75. കുടുംബത്തിന്റെ നേതൃത്വം പുരുഷന് നൽകണം | 4:34 |
| 76. ആർത്തവകാലത്ത് ലൈംഗികസമ്പർക്കം അരുത് | 2:222 |
| 77. പ്രപഞ്ചത്തിലെ അത്ഭുതങ്ങളെക്കുറിച്ച് ചിന്തിക്കണം | 3:191 |
| 78. വിജ്ഞാനം നേടുന്നവർക്ക് ഉന്നതപദവി നൽകും | 58:11 |
| 79. ഭരണാധികാരികളെ പ്രാപ്തി നോക്കി തിരഞ്ഞെടുക്കണം | 2:247 |
| 80. ആരാധനാലയങ്ങളിൽനിന്ന് ആളുകളെ തടയരുത് | 2:114 |
| 81. മറ്റു മതസ്ഥരുടെ ആരാധ്യവസ്തുക്കളെ നിന്ദിക്കരുത് | 6:108 |
| 82. സത്യത്തിലേക്ക് ക്ഷണിക്കുന്നത് സദുപദേശത്തോടുകൂടിയാകണം | 16:125 |
| 83. ആരാധനാവേളയിൽ നല്ല (അലങ്കാര) വസ്ത്രം അണിയണം | 7:31 |
| 84. മതത്തിൽ നിർബന്ധിക്കുവാൻ പാടില്ല | 2:256 |
| 85. ഒരാൾക്ക് കഴിയാത്തത് അയാളെ നിർബന്ധിക്കരുത് | 2:286 |
| 86. കാഴ്ചപ്പാടുകളിലും വിഷമതകളിലും ക്ഷമ കൈക്കൊള്ളണം | 2:286 |
| 87. അനാചാരങ്ങൾക്കെതിരെ പോരാടണം | 5:63 |
| 88. നഗ്നത മറയ്ക്കണം | 7:31 |
| 89. അനാഥകളെ സംരക്ഷിക്കണം | 2:220 |
| 90. വർഗീയത അരുത് | 49:13 |
| 91. മദ്യം കഴിക്കരുത് | 5:90 |

ഇതാകുന്നു ഗ്രന്ഥം
ഇതിൽ സംശയമില്ല. സൂക്ഷ്മത തേടുന്നവർക്ക് വഴികാട്ടിയാണ് ഇത്.
(വിശുദ്ധ ക്വുർആൻ 2:1)

ഒരുവിധം എല്ലാ ഭാഷകളിലും ക്വുർആൻ ആശയവിവർത്തനങ്ങളുണ്ട്. നിങ്ങൾക്ക് അത് വായിക്കുവാൻ ഇതുവരെ അവസരം ലഭിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ തയ്യാറാവുക. സമയം അമൂല്യമാണെന്ന് ഓർക്കുക. അത് പാഴാക്കി കളയാതിരിക്കുക.

നമ്മുടെ രക്ഷയ്ക്ക് വേണ്ടി അവതരിപ്പിച്ച ക്വുർആനുമായുള്ള അടുപ്പം എപ്പോഴും കാത്തുസൂക്ഷിക്കുക. ഈ വിശുദ്ധ ഗ്രന്ഥം നിരന്തരം പഠിക്കുക, പിന്പറ്റുക.

പടച്ചവൻ അനുഗ്രഹിക്കട്ടെ.

**NICHE OF TRUTH**
P.B No: 832, Poothole, Thrissur-4, Kerala, India
Tel: (0091) 9746547777

Mathilakath Apartments, Near Municipal Stadium,
Thazhepalam, Tirur-676107
Tel: 0494 2431572, 0091 9400431572




# വിശുദ്ധ ക്വുർആൻ ഏതാനും വചനങ്ങൾ ശ്രദ്ധിക്കൂ ...

**തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. (ക്വുർആൻ 17:9)**

ജീവിതത്തിലെ എല്ലാ മേഖലകളിലും
കൃത്യമായ മാർഗദർശനം നൽകുന്ന
ഈ ക്വുർആൻ
നിങ്ങൾ വായിച്ചുവോ?

അവർ ക്വുർആനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽനിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാലം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു. (ക്വുർആൻ 4:82)

(നബിയേ) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപൊലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും. (ക്വുർആൻ 17:88)

തീർച്ചയായും നാമാണ് ഈ ഉദ്ബോധനം അവതരിപ്പിച്ചത്, തീർച്ചയായും നാം അതിനെകാത്ത് സൂക്ഷിക്കുന്നതുമാണ്. (ക്വുർആൻ 15:9)

## അല്ലാഹു

"(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ ആർക്കും ജന്മം നൽകിയിട്ടില്ല (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവനു തുല്യനായി ആരും ഇല്ലതാനും." (ക്വുർആൻ 114)

'വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല ഏകനും സർവ്വാധികാരിയുമായ അല്ലാഹുവാണോ? (ക്വുർആൻ 12:39)

'നിങ്ങൾ തന്നെ കൊത്തിയുണ്ടാക്കുന്നവയെയാണോ നിങ്ങൾ ആരാധിക്കുന്നത്. അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമ്മിക്കുന്നവയെയും സൃഷ്ടിച്ചത്.' (ക്വുർആൻ 37:95 – 96)

'അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ദൈവവുമുണ്ടായിട്ടില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോയിക്കളയുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ!' (ക്വുർആൻ 23: 91)

അല്ലാഹുവിന് പുറമെ മറ്റാരോടും നിങ്ങൾ പ്രാർഥിക്കരുത്. (ക്വുർആൻ 28:88)

അല്ലാഹു കാരുണ്യവാനാണ്. അവനോട് പാപമോചനം തേടുക. (ക്വുർആൻ 73:20)

അല്ലാഹു എല്ലാ പാപങ്ങളും ഒന്നിച്ച് മാപ്പ് ചെയ്യുന്നവനാകുന്നു. (ക്വുർആൻ 39:53)

അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശരാകരുത്. (ക്വുർആൻ 39:53)

സൃഷ്ടിക്കുന്നവൻ അവൻ മാത്രം. (ക്വുർആൻ 35:40)

എല്ലാം കാണുന്നതും കേൾക്കുന്നതും അവൻ മാത്രം. (ക്വുർആൻ 58:51)

മരിപ്പിക്കുന്നവൻ അവൻ മാത്രം. (ക്വുർആൻ 10:104)

സർവ്വാധിപത്യം അവനു മാത്രം. (ക്വുർആൻ 23:84)

പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ അവൻ മാത്രം. (ക്വുർആൻ 1:4)

അല്ലാഹു – അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്കൊന്നും സൂക്ഷ്മമായി അറിയാൻ കഴിവില്ല. അവന്റെ കുർസിയ്യ് (പാദസ്ഥാനം) ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. (ക്വുർആൻ 2:255)

## ഇസ്‌ലാം

ഇസ്‌ലാം (ദൈവത്തിനു ആത്മാർപ്പണം) അല്ലാത്തതിനെആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. (ക്വുർആൻ 3:85)

## പ്രവാചകന്മാർ

'അല്ലാഹുവെ മാത്രം ആരാധിക്കുക, മറ്റ് ആരാധ്യന്മാരെയെല്ലാം വർജ്ജിക്കുക എന്ന ബോധനവുമായി എല്ലാ സമുദായങ്ങളിലേക്കും നാം പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. (ക്വുർആൻ 16:86)

മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായി അവരോടൊപ്പം സത്യവേദവും അവൻ അയച്ചുകൊടുത്തു. (ക്വുർആൻ 2:213)

ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല. (ക്വുർആൻ 35:24)

എല്ലാ പ്രവാചകന്മാരെയും അംഗീകരിക്കണം. (ക്വുർആൻ 2:285)

## മുഹമ്മദ് (സ്വ)

നിന്നെ (മുഹമ്മദ്(സ്വ)നെ) നാം മനുഷ്യർക്കാകമാനം സന്തോഷവാർത്തയറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിക്കൊണ്ടാണ് അയച്ചിരിക്കുന്നത്. പക്ഷേ, മനുഷ്യരിൽ അധിക പേരും അറിയുന്നില്ല. (ക്വുർആൻ 34:28)

മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവായിട്ടില്ല. പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തയാളുമാകുന്നു. (ക്വുർആൻ 33:40)

(നബിയേ) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു..... (ക്വുർആൻ 18:110)

(നബിയേ) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രേ. (ക്വുർആൻ 6:17)

## മരണാനന്തര ജീവിതം

ഉയിർത്തെഴുന്നേൽപിന്റെ നാളുകൊണ്ട് ഞാനിതാ സത്യം ചെയ്യുന്നു. കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു. മനുഷ്യൻ വിചാരിക്കുന്നുണ്ടോ നാം അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്ന്? അതേ, നാം അവന്റെ വിരൽത്തുമ്പുകളെപ്പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ. (ക്വുർആൻ 75: 1 – 4)

അപ്പോൾ നാം നിങ്ങളെ വ്യഥാ സൃഷ്ടിച്ചതാണെന്നും നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കുകയാണോ? (ക്വുർആൻ 23:115)

നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു.... (ക്വുർആൻ 67:2)

ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേല്പിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആര് നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹിക ജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല. (ക്വുർആൻ 3:185)

ഐഹികജീവിതം ഒരു താൽക്കാലിക വിഭവം മാത്രമാണ്. തീർച്ചയായും പരലോകം തന്നെയാണ് സ്ഥിരവാസത്തിനുള്ള ഭവനം. (ക്വുർആൻ 40:39)

## നരകം

മനഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്. (ക്വുർആൻ 2:24)

ഇടതുപക്ഷക്കാർ, എന്താണീ ഇടതുപക്ഷക്കാരുടെ അവസ്ഥ! തുളച്ചുകയറുന്ന ഉഷ്ണക്കാറ്റ്, ചുട്ടുതിളക്കുന്ന വെള്ളം, തണുപ്പുള്ളതോ സുഖദായകമോ അല്ലാത്ത കരിമ്പുകയുടെ തണൽ.... (ക്വുർആൻ 56:41, 42 – 44)

## സ്വർഗം

സ്വർണ്ണത്തിന്റ തളികകളും പാനപാത്രങ്ങളും അവർക്ക് ചുറ്റും കൊണ്ടുനടക്കപ്പെടും മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരവുമായ കാര്യങ്ങൾ അവിടെ ഉണ്ടായിരിക്കും. നിങ്ങൾ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും. (ക്വുർആൻ 43:71)

വിശ്വസിക്കുകയും സൽക്കർങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ, താഴ്ഭാഗത്തുകൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ തീർച്ചയായും അല്ലാഹു പ്രവേശിപ്പിക്കുന്നതാണ്. അവർക്കവിടെ സ്വർണ്ണവളകളും മുത്തും അണിയിക്കപ്പെടുന്നതാണ്. പട്ടായിരിക്കും അവർക്ക് അവിടെയുള്ള വസ്ത്രം. (ക്വുർആൻ 22:23)

തീർച്ചയായും സ്വർഗവാസികൾ അന്ന് ഓരോ ജോലിയായിക്കൊണ്ട് സുഖമനുഭവിക്കുന്നവരായിരിക്കും. (ക്വുർആൻ 36:55)

അവരും അവരുടെ ഇണകളും തണലുകളിൽ അലംകൃതമായ കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും. (ക്വുർആൻ 36:56)

## ക്വുർആനിൽ നിന്നുള്ള നിർദ്ദേശങ്ങൾ

വല്ലവനും (അന്യായമായി) ഒരാളെ കൊലപ്പെടുത്തിയാൽ അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു..... (ക്വുർആൻ 5:32)

| | | |
|---|---|---|
| 1. | **നന്മ കൽപിക്കണം തിന്മ വിരോധിക്കണം** | **31:17** |
| 2. | **എത്ര പ്രതികൂലമായാലും സത്യമേ പറയാവൂ** | **4:135** |
| 3. | **പരദൂഷണം പറയരുത്** | **49:12** |
| 4. | **മറ്റുള്ളവരെ പരിഹസിക്കരുത്** | **49:11** |
| 5. | **അസൂയ അരുത്** | **4:54** |
| 6. | **ചാരവൃത്തിയും ഒളിഞ്ഞുകേൾക്കലും അരുത്** | **49:12** |
| 7. | **കള്ളസാക്ഷി പറയരുത്** | **2:283** |
| 8. | **സത്യത്തിന് സാക്ഷി പറയാൻ മടിക്കരുത്** | **2:282** |
| 9. | **സംസാരിക്കുമ്പോൾ ശബ്ദം താഴ്ത്തണം** | **31:19** |
| 10. | **പരുഷമായി സംസാരിക്കരുത്** | **3:159** |
| 11. | **ആളുകളോട് സൗമ്യമായ വാക്കുകൾ പറയണം** | **20:44** |
| 12. | **ഭൂമിയിൽ വിനയത്തോടെ നടക്കണം** | **25:63** |
| 13. | **നടത്തത്തിൽ അഹന്ത അരുത്** | **31:18** |
| 14. | **അഹങ്കാരം അരുത്** | **7:13** |
| 15. | **അനാവശ്യ കാര്യങ്ങളിൽ മുഴുകരുത്** | **23:3** |
| 16. | **മറ്റൊരാളുടെ തെറ്റുകൾ കഴിയുന്നത്ര മാപ്പ് ചെയ്യണം** | **7:199** |
| 17. | **മറ്റുള്ളവരോട് ഔദാര്യത്തോടെ പെരുമാറണം** | **4:36** |
| 18. | **അതിഥികളെ സൽക്കരിക്കണം** | **51:26** |
| 19. | **പാവങ്ങൾക്ക് ഭക്ഷണം നൽകാൻ പ്രേരിപ്പിക്കണം** | **107:3** |
| 20. | **ചോദിച്ചുവരുന്നവരെ ആട്ടിക്കളയരുത്** | **93:10** |
| 21. | **വിഷമിക്കുന്നവരെ കണ്ടെത്തി സഹായിക്കണം** | **2:273** |



www.nicheoftruth.co.in